കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

### ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail : doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി-7/198/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 0499 4256690.

തിയ്യതി :06.03.2019

സീനിയർ ഡപ്യൂട്ടി ഡയറക്ടർ.

*പ്രസിഡന്റ്,*
*കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്.*

(സെക്രട്ടറി മുഖേന).

സർ,

വിഷയം : കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്- 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3.4, 3.5 എന്നീ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ.മെയിൽ മുഖാന്തിരം)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കാസറഗോഡ്.

3) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ- കെ.എസ്.ഡി-7/198/2019 തിയ്യതി: 06.03.2019

# കാസറഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

*****

കാസറഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മാത്രമെ മറുപടി ലഭിച്ചിട്ടുള്ളൂ.. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.**

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ**

| | |
|---|---|
| ശ്രീ രാജാരാമ, സി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

**ഓഡിറ്റിന് വിനിയോഗിച്ച സമയം**

| |
|---|
| 13-02-2019 മുതൽ 18-02-2019 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| (1) ശ്രീ ലോകേശ ആചാരി,ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ് ) |
| (2) ശ്രീ ഗോപാലകൃഷ്ണ നായിക്,പി. | ഓഡിറ്റ് ഓഫീസർ |
| (3) ശ്രീ വിനോദ് കുമാർ, വി. | അസി.ഓഡിറ്റ് ഓഫീസർ |
| (4) ശ്രീ യാദവ കുമാർ, സി .എച്ച്. | അസി.ഓഡിറ്റ് ഓഫീസർ |
| (5) ശ്രീ ശിവശങ്കര, കെ. | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഓമന രാമചന്ദ്രൻ | 01-04-2017 മുതൽ 31-03-2018വരെ |
| സെക്രട്ടറി | ശ്രീ ബാലകൃഷ്ണ,ബി. | 01-04-2017 മുതൽ 31-03-2018 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലാവധി |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയരക്ടർ | പി.പളനി | 01-04-2017 മുതൽ 18-04-2017 വരെ |
| | രാഘവേന്ദ്ര,പി | 19-04-2017 മുതൽ 11-06-2017 വരെ |
| | പി.പളനി | 12-06-2017 മുതൽ 19-07-2017 വരെ |
| | ബി.വേണുഗോപാൽ | 20-07-2017 മുതൽ 08-11-2017 വരെ |
| | രാഘവേന്ദ്ര,പി | 09-11-2017 മുതൽ 20-12-2017 വരെ |
| | വി.എസ്.രാജലക്ഷ്മി | 21-12-2017 മുതൽ 31-03-2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | വിധുബാല,എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽഓഫീസർ, സി.എച്ച്.സി, മുളിയാർ | ഡോ.ദിവാകർ റൈ,കെ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ബേഡഡുക്ക | ഡോ.മുഹമ്മദ് | 01-04-2017 മുതൽ 31-05-2017 വരെ |
| | ഡോ.വിവേക് | 01-06-2017 മുതൽ 31-09-2017 വരെ |
| | ഡോ.സുബിർ | 01-10-2017 മുതൽ 26-12-2017 വരെ |
| | ഡോ.മുഹമ്മദ് | 27-12-2017 മുതൽ 31-03-2018 വരെ |
| ശിശുവികസന പദ്ധതി ഓഫീസർ | ഗ്രേസി.ജെ | 01-04-2017 മുതൽ 18-08-2017വരെ |
| | പ്രസന്ന കുമാരി,എ | 19-08-2017മുതൽ 30-08-2017 വരെ |
| | സകീന,കെ.വി | 31-08-2017 മുതൽ 26-11-2017 വരെ |
| | പ്രസന്ന കുമാരി,എ | 27-11-2017 മുതൽ 31-12-2017 വരെ |
| | സകീന,കെ.വി | 01-01-2018 മുതൽ 31-03-2018 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശോഭന,കെ.ഡി | 01-04-2017 മുതൽ 09-05-2017 വരെ |
| | തിരുമലേശ,പി.കെ | 10-05-2017 മുതൽ 31-05-2017 വരെ |
| | തോമസ്,കെ.എ | 01-06-2017 മുതൽ 20-06-2017 വരെ |
| | തിരുമലേശ്,പി.കെ | 21-06-2017 മുതൽ 31-07-2017വരെ |
| | ഹരി,ജി.എസ് | 01-08-2017 മുതൽ 03-08-2017 വരെ |
| | തിരുമലേശ്,പി.കെ | 04-08-2017 മുതൽ 04-09-2017 വരെ |
| | | |

| | | |
|---|---|---|
| | ഗോപകുമാർ,വി.ജി | 05-10-2017 മുതൽ 10-01-2018 വരെ |
| | ബശീർ,പി.ബി | 11-01-2018 മുതൽ 31-03-2018വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനിയർ | കെ.എം.കുഞ്ഞുമോൻ | 01-04-2017 മുതൽ 08-11-2017വരെ |
| | രശ്മി,എസ് | 09-11-2017 |
| | കെ.എം.കുഞ്ഞുമോൻ | 10-11-2017മുതൽ 25-11-2017വരെ |
| | രശ്മി,എസ് | 26-11-2017മുതൽ 31-03-2018വരെ |
| അസിസ്റ്റന്റ്എൻജിനിയർ | ഉഷാർ കൃഷ്ണൻ,ജി | 01-04-2017 മുതൽ 31-03-2018വരെ |

**ഉള്ളടക്കം**


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം -1-പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-9 |
| ഭാഗം -2-വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | ഇല്ല | |
| ഭാഗം -3-ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 10 | സംയുക്ത പ്രോജക്റ്റുകൾ-വിനിയോഗവിവരംലഭ്യമായിട്ടില്ല | 3-1 |
| 11 | പുതുക്കിയ എസ്റ്റിമേറ്റിലെ അധിക ഇനത്തിനു ടെണ്ടർ നിരക്ക് ബാധകമാക്കാതെ പേമെന്റ നടത്തി | 3-2 |
| 12 | സർവീസ് ടാക്സ് -സർക്കാർ നിർദേശങ്ങൾ പാലിക്കാതെ കരാറുകാരനു നൽകി | 3-3 |
| 13 | മരാമത്ത് പ്രവൃത്തികൾ-ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 3-4 |

| | | |
|---|---|---|
| 14 | പദ്ധതികൾക്കായി തുക കൈമാറിയത്- വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല | 3-5 |
| 15 | ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി പദ്ധതിക്കായി ബ്ലോക്ക് വിഹിതം കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രംപരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.18,90,000/- തടസ്സപ്പെടുത്തുന്നു | 3-6 |
| 16 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം പഞ്ചായത്തുകൾക്ക് വിഹിതം നൽകിയത് -വിനിയോഗ സാക്ഷ്യപത്രങ്ങളും, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രങ്ങളും ഹാജരാക്കിയിട്ടില്ല. | 3-7 |
| 17 | ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപെടുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകിയത്-അപാകതകൾ | 3-8 |
| 18 | ഗ്രീൻ കാറഡുക്ക ശുചിത്വ പ്രോജക്ട്-ചെലവ് രേഖകൾ ഹാജറാക്കിയിട്ടില്ല- | 3-9 |
| 19 | ജനറൽ പർപ്പോസ് ഫണ്ടിൽനിന്നും ചെലവ്-അപാകതകൾ- | 3-10 |
| **ഭാഗം -4-ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനം** | | |
| 20 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 23 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 24 | സ്ഥിര നിക്ഷേപം | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 27 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

<u>അനുബന്ധം</u>

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്.

2) ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്.

3) റസീറ്റ് & പേമെന്റ് അക്കൗണ്ട്.

4) ബാലൻസ് ഷീറ്റ്.

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

28-03-2018 തീയതിയിലെ 7/2018 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പുതുക്കിയിട്ടില്ല.

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | - |
| പ്രതീക്ഷിത വരവ് | 45,55,77,000 |
| ആകെ | 45,55,77,000 |
| പ്രതീക്ഷിത ചെലവ് | 45,55,52,000 |
| നീക്കിയിരിപ്പ് | 25,000 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 21-6-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.07.2018 | No.KSA/KSD3/785/2018 dt.13.07.2018 |

**<u>കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>**

1. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

2. 320200399- Grants, funds, Contributions for specific purposes-Other than development fund and state sponsered scheme-എന്ന ഹെഡിൽ 31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം 36,90,027 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈയിനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ മിക്ക ഇടപാടുകളും കറക്ഷൻ എൻട്രികൾ മുഖേന നടത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഈ ഇടപാടുകൾക്ക് കൃത്യമായ വിശദീകരണങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 31.03.2018 ന് I.A.Y. State share expenditure എന്ന വിശദീകരണത്തോടു കൂടി 83,44,098 രൂപ ഡെബിറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഹെഡിൽ കൈകാര്യം ചെയ്ത തുകകളുടെ വിശദ വിവരങ്ങൾ ധനകാര്യ പത്രികയിൽ നിന്ന് ലഭ്യമല്ല. മറ്റു രീതിയിൽ സൂക്ഷിച്ചിട്ടുള്ള കണക്കുകളുമായി ഈ ഹെഡിലെ വരവു ചെലവുകൾ പൊരുത്തപ്പെടുത്താനാവുന്നില്ല. ഈ ഹെഡിൽ കൈകാര്യം ചെയ്ത തുകകളുടെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 320700203- Contributions for joint venture projects (for revenue expenditure)-3,38,617 രൂപ നീക്കിയിരിപ്പുണ്ട്. IAY/PMAY പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകകളാണ് ഈ ഹെഡിൽ കൈകാര്യം ചെയ്തിട്ടുള്ളത്. എന്നാൽ ഈയിനത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ മിക്ക വരവുകൾക്കും വ്യക്തമായ നാരേഷൻ രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ഏതു പഞ്ചായത്തിൽ നിന്ന് എന്ത് ആവശ്യത്തിന് ലഭിച്ച തുകയാണ് എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പൂർണമല്ല. രജിസ്റ്ററും ലെഡ്ജറുമായി ഒത്തു നോക്കുമ്പോൾ തുകകൾ ഏതു പഞ്ചായത്തിൽ നിന്ന് ലഭിച്ചതാണ് എന്ന വിവരം വ്യക്തമാവുന്നില്ല.

സിന്റിക്കേറ്റ് ബാങ്കിലെ ഐ.എ.വൈ. പ്ലാൻ അക്കൗണ്ടിലും ട്രഷറിയിലെ സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിലുമായി മേൽ തുകകൾ നിക്ഷേപിച്ചു എന്നാണ് ലെഡ്ജറിൽ രേഖപ്പെടുത്തിട്ടുള്ളത്. എന്നാൽ ലെഡ്ജർ പ്രകാരമുള്ള പല വരവുകളും ഐ.എ.വൈ. പ്ലാൻ അക്കൗണ്ടിന്റെ പ്ലാൻ ഫണ്ട് അക്കൗണ്ടിന്റെയും ട്രഷറിയിലെ സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിന്റെയും പാസ് ബുക്കുകളിൽ കണ്ടെത്താനായിട്ടില്ല. ഈ അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകളിലും ഈ വിവരങ്ങൾ ലഭ്യമല്ല.

ഈ ഹെഡിൽ വിവിധ കറക്ഷൻ എൻട്രികളിലായി 4,80,000 രൂപയുടെയും പഞ്ചായത്തുകളുടെ വിഹിതത്തിൽ നിന്നുള്ള ചെലവായി 83,82,500 രൂപയുടെയും ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തെ ചെലവു സ്റ്റേറ്റ്മെന്റ് പ്രകാരം ഐ.എ.വൈ/പി.എം.എ.വൈ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകളുടെ വിഹിതത്തിൽ നിന്ന് ചെലവൊന്നും തന്നെ നടത്തിയിട്ടില്ല എന്നാണ് കാണുന്നത്.

4. 320700205- Contributions for joint venture projects (for revenue expenditure)- from District Panchayats- എന്ന ഹെഡിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജില്ലാ പഞ്ചായത്തിൽ നിന്നു ലഭിക്കുന്ന വിഹിതത്തിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം ആകെ 31,80,981 രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ഐ.എ.വൈ പദ്ധതിക്കായി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ 21,33,768 രൂപ മാത്രമേ ഈ ഹെഡിൽ വരവു രേഖപ്പെടുത്തിയിട്ടുള്ളൂ.

ഈ ഹെഡിൽ 1,18,81,125 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തെ ചെലവു സ്റ്റേറ്റ്മെന്റ് പ്രകാരം ഐ.എ.വൈ/പി.എം.എ.വൈ പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിന്റെ വിഹിതത്തിൽ നിന്ന് ചെലവൊന്നും തന്നെ നടത്തിയിട്ടില്ല എന്നാണ് കാണുന്നത്.

5. 320100118- Centrally sposored Scheme- IWMP എന്ന ഹെഡിൽ 996 രൂപയായിരുന്നു 01.04.2017 ലെ നീക്കിയിരിപ്പ്. തുടർന്ന് 8 കറക്ഷൻ എൻട്രികളിലായി 4,32,362 രൂപയുടെ ക്രഡിറ്റും 2

എൻട്രികളിലായി 3,51,082 രൂപയുടെ ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്. രേഖപ്പെടുത്തിയ 8 കറക്ഷൻ എൻട്രികൾക്ക് വ്യക്തമായ നാരേഷൻ രേഖപ്പട്ടുത്തിയിട്ടില്ല.

6. 320700405- Contributions for specific purposes (for revenue expenditure)- from District Panchayats എന്ന ഹെഡിൽ RP-31 പ്രകാരം മൈനസ് (-) തുകയാണ് വരവു ചേർത്തു കാണുന്നത്.

7. 350800199- Other creditors എന്ന ഹെഡിൽ മുന്നിരിപ്പുള്ള 2,81,95,000 രൂപയും പലിശ വരവായ 9,14,028 രൂപയുമടക്കം ലഭ്യമായ 2,91,09,028 രൂപയിൽ നിന്ന് I.A.Y. പദ്ധതിക്ക് നടത്തിയ ചെലവായ 1,61,17,750 രുപ കിഴിച്ച് ബാക്കി 1,29,91,278 രൂപ നീക്കിയിരിപ്പുണ്ട്. മുന്നിരിപ്പിൽ ഉണ്ടായിരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. IAY പദ്ധതിക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 2017-18 ൽ 44,72,000 രൂപ ചെലവു ചെയ്തിട്ടുള്ളതായാണ് ചെലവ് സ്റ്റേറ്റ്മെന്റിൽ കാണുന്നത്. എന്നാൽ ലെഡ്ജർ പ്രകാരം ചെലവ് 1,61,17,750 രൂപയാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം കൈകാര്യം ചെയ്യത് കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ട് നം 3986 ൽ ആണ്. ഈ അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റും ലെഡ്ജറിലെ രേഖപ്പെടുത്തലുകളും തമ്മിൽ ഒത്തു നോക്കി പരിശോധിക്കുമ്പോൾ പല തുകകളും കണ്ടെത്താനായിട്ടില്ല.

IAY പദ്ധതിക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ഉള്ള വരവ്, ചെലവ് എന്നിവ കാണിക്കുന്ന രജിസ്റ്ററിലെ വിവരങ്ങളുമായും ഒത്തു നോക്കി പരിശോധിക്കാൻ സാധിക്കുന്ന തരത്തിലുള്ള രേഖപ്പെടുത്തലുകൾ ധനകാര്യ പത്രികയിലോ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റിലോ രജിസ്റ്ററിലോ ഇല്ല.

8. വാടക രജിസ്റ്റർ പ്രകാരം വാടകയിനത്തിൽ തൻവർഷം കുടിശ്ശിക ഇല്ല. എന്നാൽ ബാലൻസ് ഷീറ്റിൽ 431400101 എന്ന ഹെഡിൽ 4930 രൂപ വാടക കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിക്കാണുന്നു.

9. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതിയിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-7 പ്രകാരം 92,819 രൂപയുടെ നീക്കിയിരിപ്പ് ഡെപ്പോസിറ്റുകളുടെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, ഉദ്ദേശം, റസീറ്റ് നം, തിയതി) ബ്ലോക്ക് പഞ്ചായത്തിന്റെ പക്കൽ ലഭ്യമല്ല.

10. അഡ്വാൻസ് രജിസ്റ്റർ എഴുതിയിട്ടില്ല. ആയതിനാൽ ഷെഡ്യൂൾ B-18പ്രകാരം 7,32,212 നീക്കിയിരിപ്പ് അഡ്വാൻസുകളുടെ വിശദ വിവരങ്ങൾ ( പേര്, ഉദ്ദേശം, റസീറ്റ് നം, തിയതി) ബ്ലോക്ക് പഞ്ചായത്തിന്റെ പക്കൽ ലഭ്യമല്ല.

11. 31.03.2018 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-9 -other liabilities എന്നയിനത്തിലെ 1,31,15,460 രൂപയുടെ നീക്കിയിരിപ്പ് ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ പക്കൽ ലഭ്യമല്ല.

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,59,88,764 |
| വരവ് | 9,36,80,108 |
| ആകെ | 14,96,68,872 |
| | |

| | |
|---|---|
| ചെലവ് | 12,06,78,720 |
| നീക്കിയിരിപ്പ് | 2,89,90,152 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,74,88,979 | 3,74,88,979 | 2,86,11,146 | 8,87,785 | 62.21% |
| വികസനഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1,27,43,000 | 1,27,43,000 | 93,46,656 | 33,96,344 | 58.51% |
| വികസനഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 80,64,000 | 80,64,000 | 77,75,666 | 2,88,334 | 90.67% |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് (ACR പ്രകാരം) | 0 | 49,00,000 | 49,00,000 | 49,00,000 | 0 | 100% |

## 1-6 പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾഎന്നിവ ജി.ഒ.(എം.എസ്.) നം. 72/2017 ത. സ്വ. ഭ. വ. തീയതി 29/3/2017 & ജി.ഒ.(എം.എസ്.) നം 10/2017 ത.സ്വ. ഭ. വ. തീയതി 9/1/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതി 24-01-2017ന് രൂപീകരിച്ചിട്ടുണ്ട്. (ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനം 1/2017-18 തീയതി 24-01-2017 ).ആസൂത്രണ സമിതിയിൽ 15 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്ത് ഭരണ സമിതി തീരുമാനം 2/2017-18 തീയതി 24-01-2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

ഈ ആസൂത്രണസമിതി 2017-18 ൽ 2 യോഗങ്ങൾ ചേർന്നിട്ടുണ്ട്. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പരിധിയിൽ വരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീയാക്കുവാനായി

നിർദ്ദേശം നൽക്കിയതായി കണ്ടില്ല.

**വികസനരേഖ**

മാർഗ്ഗരേഖ 09-01-2017 ലെ ജി. ഒ. (എം.എസ്.) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

**വികസന സെമിനാർ -**

22-05-2017ന് ഏകദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. 149 പേർ ഇതിൽ സംബന്ധിച്ചിട്ടുണ്ട്.

2017-18 വർഷത്തിൽ മൊത്തം 106 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.അംഗീകാരം ലഭിച്ച പദ്ധതികളുടെ മൊത്തം അടങ്കൽ തുക രൂപ.എന്നാൽ പദ്ധതികൾ മാത്രമേ നിർവ്വഹണം നടത്തിയിട്ടുള്ളു മൊത്തം പദ്ധതി ചെലവ് രൂപ മാത്രമാണ്.മൊത്തം അടങ്കലിന്റെ ശതമാനം മാത്രമാണ് ചെലവ് ചെയ്തത്.

| അംഗീകാരം ലഭിച്ച പദ്ധതി | | നടപ്പാക്കിയ പദ്ധതി | | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാ |
|---|---|---|---|---|---|---|
| എണ്ണം | അടങ്കൽ | എണ്ണം | ചെലവ് | | | |
| 106 | 9,62,76,212 | 80 | 5,06,33,468 | 20 | 26 | 77% |

നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി അസി.ഡയരക്ടർ | 1 | 22,52,500 | 1 | 22,52,500 | 100% |
| 2 | ഡയറി എക്സ്റ്റെൻസൻ ഓഫീസർ | 2 | 21,70,000 | 2 | 21,12,880 | 97.36% |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 4 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി ബേഡഡുക്ക | 8 | 33,72,822 | 8 | 31,92,910 | 94.66% |
| 5 | ശിശുവികസന പദ്ധതി ഓഫീസർ | 3 | 40,00,000 | 3 | 40,00,000 | 100% |
| 6 | പട്ടിക ജാതി വികസന ഓഫീസർ | 3 | 11,50,261 | 3 | 7,34,579 | 63.86% |
| 7 | സെക്രട്ടറി | 25 | 5,25,35,417 | 25 | 2,44,65,174 | 46.56% |
| 8 | അസി.എക്സിക്യൂട്ടിവ് എൻജിനിയർ | 27 | 1,94,04,212 | 19 | 97,09,240 | 50% |
| 9 | അസി.എൻജിനിയർ | 37 | 1,13,91,000 | 19 | 41,66,185 | 36.57% |
| | ആകെ | 106 | 9,62,76,212 | 80 | 5,06,33,468 | 52.59% |

സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചില്ല--

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214ാം വകുപ്പ് പ്രകാരം വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ജനവരി മാസം 15ന് മുൻപ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2017-18 വർഷം ഗ്രാമ പഞ്ചായത്തിലെ ക്ഷേമകാര്യം, വികസനം,ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും പാലിക്കേണ്ടതാണ്

**വർക്കിംഗ് ഗ്രൂപ്പുകൾ**

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽരേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.

**മോണിറ്ററിംഗ്**

പ്രൊജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-02-2019 (12.45PM)ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 56,624രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-08-2018 | 2017-18 | 25-01-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-11-2016 | 2011-12 മുതൽ 2015-16 വരെ | 28-01-2017 |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 ഇ-ടെണ്ടർ ഫീസിനത്തിൽ ബ്ലോക്ക്

# പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

2017-18 കാലയളവിൽ, ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുകയുടെയും, ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 സംയുക്ത പ്രോജക്ടുകൾ- ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

സംയുക്ത പ്രോജക്ടുകളുടെ നിർവഹണത്തിനായി മറ്റു ഗ്രാമപഞ്ചായത്തുകൾക്ക നൽകിയ ചുവടെ ചേർത്തിട്ടുള്ള തുകകളുടെ വിനിയോഗ വിവരങ്ങളും പ്രോജക്ടുകളുടെ പൂർത്തീകരണ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ വിശദ വിവരങ്ങളും പ്രോജക്ടുകളുടെ നടത്തിപ്പിൽ കണ്ട മറ്റു അപാകതകളും ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം 18/18- ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ ബെള്ളൂർ ജലസേചന പദ്ധതി

ഫണ്ട്- പൊതു വിഭാഗം വികസന ഫണ്ട്- 7,50,000

ചെലവ്- ബിൽ നം. 2/17-18, തുക- 7,50,000

ഈ തുക ബെള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കാസറഗോഡ് സബ് ട്രഷറിയിലുള്ള 799011400001429 എന്ന എസ്.ടി.എസ്.ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ)- കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച വിവരവും ലഭ്യമല്ല. മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രവും ഫയലിൽ ഇല്ല.

ബി)- പ്രവൃത്തിയുടെ വിശദമായതോ, സംഗ്രഹ രൂപത്തിലുള്ളതോ ആയ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. പ്രോജക്ടിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച പ്രാഥമിക ധാരണ പോലും ഇല്ലാതെയാണ് തുക കൈമാറിയിട്ടുള്ളത്.

സി) - ജലസേചന പദ്ധതിയുടെ ആയക്കെട്ട് പ്രദേശം സംബന്ധിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

ഡി)- തുക കൈപ്പറ്റിയതിന് പഞ്ചായത്തിൽ നിന്നും രശീതി ലഭിച്ചതായി കാണുന്നില്ല.

2. പ്രോജക്ട് നം 117/18- ബെള്ളൂർ ഗ്രാമപഞ്ചായത്തിൽ ബീജന്തടുക്ക എന്ന സ്ഥലത്ത് പട്ടിക വർഗ കമ്മ്യൂണിറ്റി ഹാൾ നിർമിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം

ഫണ്ട്- ടി.എസ്.പി. വികസന ഫണ്ട്- 5,00,000

ചെലവ്- ബിൽ നം. 1/17-18, തിയതി - 25.10.2017, തുക- 5,00,000

ഈ തുക ബെള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കാസറഗോഡ് സബ് ട്രഷറിയിലുള്ള 799011400001429 എന്ന എസ്.ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ)- കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച വിവരവും ലഭ്യമല്ല. മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രവും ഫയലിൽ ഇല്ല.

ബി)- പ്രവൃത്തിയുടെ വിശദമായതോ, സംഗ്രഹ രൂപത്തിലുള്ളതോ ആയ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. പ്രോജക്ടിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച പ്രാഥമിക ധാരണ പോലും ഇല്ലാതെയാണ് തുക കൈമാറിയിട്ടുള്ളത്.

സി) - പദ്ധതി പ്രദേശവും അതിലെ പട്ടികവർഗ വിഭാഗത്തിന്റെ സാന്നിദ്ധ്യവും കാണിക്കുന്ന സോഷ്യൽ മാപ്പ് ഫയലിൽ ഇല്ല.

ഡി)- തുക കൈപ്പറ്റിയതിന് പഞ്ചായത്തിൽ നിന്നും രശീതി ലഭിച്ചതായി കാണുന്നില്ല.

മേൽ പ്രോജക്ടുകളിൽ ലഭ്യമല്ലാതെയുള്ള രേഖകൾ അടിയന്തിരമായി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം1, തിയതി 14.02.2019) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടുകളുടെ ആകെ ചെലവ് 12,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ടിരിക്കുന്ന രേഖകളും അധിക വിവരങ്ങളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 3-2 പുതുക്കിയ എസ്റ്റിമേറ്റിലെ അധിക ഇനത്തിന് ടെണ്ടർ നിരക്ക് ബാധകമാക്കാതെ പേമെന്റ് നടത്തി- നഷ്ടം

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

<u>1- പ്രോജക്ട് നം. 86/18</u>

പ്രോജക്ടിന്റെ പേര്- മുളിയാർ ഗ്രാമപഞ്ചായത്തിലെ പൊവ്വലിലെ RMR കെട്ടിടം മെയിന്റനൻസ്

ഫണ്ട്- മെയിന്റനൻസ് ഫണ്ട് റോഡ്- നോൺ റോഡ് മെയിന്റനൻസ് ഫണ്ട്- 5,00,000

കരാറുകാരൻ- ശ്രീ.സി.കെ.സുബൈർ

ബിൽ നം- 12/17-18, തിയതി 09.02.2018, തുക- 3,81,236

ബിൽ നം- 16/17-18, തിയതി 26.03.2018, തുക- 37,667

എം.ബുക്ക് നം. 25/16-17

ഈ പ്രവൃത്തിക്കായി 11 ഇനങ്ങളടങ്ങിയ 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളത്. (എസ്റ്റിമേറ്റ് നം. 2016/62038, TS No. 63819/2016-17). എസ്റ്റിമേറ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം 1 മുതൽ 11 വരെ - 4,50,751 രൂപ

സർവീസ് ടാക്സ്- 47,329 രൂപ

ലംപ്സം- 1,920 രൂപ

ആകെ- 5,00,000 രൂപ

ഈ പ്രവൃത്തി 25.02.2017 ന് ഇ-ടെണ്ടർ നടത്തുകയുണ്ടായി. ടെണ്ടറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടെണ്ടർ ഐ.ഡി- 2017_LSGD_109201_1

ടെണ്ടർ ചെയ്ത പി.എ.സി- 4,50,751 രൂപ

കുറഞ്ഞ നിരക്ക്- ശ്രീ.സി.കെ.സുബൈർ- 4,24,068 രൂപ (5.92% കുറവ് നിരക്ക്)

പ്രവൃത്തിയുടെ നിർവഹണവേളയിൽ പ്രോജക്ട് തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. (പുതുക്കിയ T.S. നം. 63819/16-17, തിയതി 21.11.2017). പുതുക്കിയ എസ്റ്റിമേറ്റിൽ അധിക ഇനം നം E1 ആയി 923 കിലോഗ്രാം സ്ട്രക്ചറൽ സ്റ്റീൽ വർക്ക് (MS hollow sections ഉപയോഗിച്ച്) ചെയ്യുന്നതിനായി കിലോഗ്രാമിന് 141 രൂപ നിരക്കിൽ 1,30,143 രൂപ വകയിരുത്തുകയും എം.ബുക്കിലെ പേജ് 12,37 എന്നിവ പ്രകാരം കരാറുകാരൻ 913.96 കിലോഗ്രാം പ്രവൃത്തി ചെയ്യുകയും കിലോഗ്രാമിന് 141 രൂപ നിരക്കിൽ 1,28,868.36 രൂപ മൂല്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈയിനത്തിന്റെ മൂല്യം നിർണയിച്ചതിൽ അപാകത സംഭവിച്ചിട്ടുണ്ട്. മൂല്യ നിർണയം നടത്തുമ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കായ 5.92% കുറവ് നിരക്കിലായിരുന്നു ഈയിനത്തിന്റെ നിരക്ക് അനുവദിക്കേണ്ടിയിരുന്നത്. അതിനു പകരം എസ്റ്റിമേറ്റിലെ നിരക്കിൽ തന്നെ മൂല്യം അനുവദിച്ചതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ചുവടെ കണക്കാക്കുന്നു.

അനുവദിച്ച മൂല്യം- 913.96 kg @ 141/kg = 1,28,868.36

അനുവദനീയമായ നിരക്ക്- 141(-) 5.92% = 132.65/kg

അനുവദനീയമായ മൂല്യം- 913.96 kg @ 132.65/kg = 1,21,237

അധികം അനുവദിച്ച മൂല്യം- 7,631 രൂപ

**<u>2- പ്രോജക്ട് നം. 83/18</u>**

പ്രോജക്ടിന്റെ പേര്- കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ മലാംകുണ്ട്- തുമ്പോടി-ചാമുണ്ഡിക്കുന്ന് റോഡ് നിർമാണം

ഫണ്ട്- വികസന ഫണ്ട്- പൊതു വിഭാഗം- 4,06,600

കരാറുകാരൻ- ശ്രീ.ജി.എസ്.രാജീവ്

ബിൽ നം- 10/17-18, തിയതി 31.10.2017, തുക- 4,06,334

എം.ബുക്ക് നം. 18/16-17

ഈ പ്രവൃത്തിക്കായി 8 ഇനങ്ങളടങ്ങിയ 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളത്. (എസ്റ്റിമേറ്റ് നം. 2016/61046, TS No. 41344/2016-17). എസ്റ്റിമേറ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം 1 മുതൽ 8 വരെ - 4,99,185.76 രൂപ

ലംപ്സം- 814 രൂപ

ആകെ- 5,00,000 രൂപ

ഈ പ്രവൃത്തി 28.12.2016 ന് ഇ-ടെണ്ടർ നടത്തുകയുണ്ടായി. ടെണ്ടറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടെണ്ടർ ഐ.ഡി- 2016_LSGD_94184_1

ടെണ്ടർ ചെയ്ത പി.എ.സി- 4,99,185.76 രൂപ

കുറഞ്ഞ നിരക്ക്- ശ്രീ.ജി.എസ്.രാജീവ്- 4,06,524.31 രൂപ (18.56% കുറവ് നിരക്ക്)

പ്രവൃത്തിയുടെ നിർവഹണവേളയിൽ പ്രോജക്ട് തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. (പുതുക്കിയ TS നം. 41344/16-17, തിയതി 23.02.2017). പുതുക്കിയ എസ്റ്റിമേറ്റിൽ അധിക ഇനം നം 9 ആയി 92.64 cum construction of subgrade and earthen shoulders-( MoRD-subhead 3-14) ചെയ്യുന്നതിനായി cum ന് 438.52 രൂപ നിരക്കിൽ 40,624 രൂപ വകയിരുത്തുകയും എം.ബുക്കിലെ പേജ് 1, 22 എന്നിവ പ്രകാരം കരാറുകാരൻ 92.64 cum പ്രവൃത്തി ചെയ്യുകയും cum ന് 438.52 രൂപ നിരക്കിൽ 40,624.49 രൂപ മൂല്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈയിനത്തിന്റെ മൂല്യം നിർണയിച്ചതിൽ അപാകത സംഭവിച്ചിട്ടുണ്ട്. മൂല്യ നിർണയം നടത്തുമ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കായ 18.56% കുറവ് നിരക്കിലായിരുന്നു ഈയിനത്തിന്റെ നിരക്ക് അനുവദിക്കേണ്ടിയിരുന്നത്. അതിനു പകരം എസ്റ്റിമേറ്റിലെ നിരക്കിൽ തന്നെ മൂല്യം അനുവദിച്ചതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ചുവടെ കണക്കാക്കുന്നു.

അനുവദിച്ച മൂല്യം- 92.64 cum @ 438.52/cum = 40,624.49

അനുവദനീയമായ നിരക്ക്- 438.52(-) 18.56% = 357.13/cum

അനുവദനീയമായ മൂല്യം- 92.64 cum @ 357.13/cum = 33,084.52

അധികം അനുവദിച്ച മൂല്യം- 7,540 രൂപ

മേൽ അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2, തിയതി 16.02.2019) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം പ്രവൃത്തികളുടെ അന്തിമ പേമെന്റുകൾ നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-3 സർവ്വീസ് ടാക്സ് ഇനത്തിൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക സർക്കാർ നിർദേശങ്ങൾ പാലിക്കാതെ കരാറുകാരന് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നം. 97/18

പ്രോജക്ടിന്റെ പേര്- മുളിയാർ സി.എച്ച്.സി. ക്വാർട്ടേഴ്സ് മെയിന്റനൻസ്

ഫണ്ട്- മെയിന്റനൻസ് ഫണ്ട് നോൺ റോഡ്- 20,35,500

കരാറുകാരൻ- ശ്രീ.അബ്ദുൾ റഹിമാൻ

ബിൽ നം.- 07/17-18, തിയതി 29.08.2017, തുക- 9,32,731

ബിൽ നം. 08/17-18, തിയതി 28.10.2017, തുക- 8,22,632

ഈ പ്രവൃത്തിയുടെ എം.ബുക്കിലെ (നം.34/16-17) പേജ് 73 ൽ രേഖപ്പെടുത്തിയതു പ്രകാരം, റീവയറിംഗ് ഒഴികെയുള്ള പ്രവൃത്തികളുടെ ആകെ പ്രവൃത്തി മൂല്യം 8,44,100 രൂപയാണ്. പ്രവൃത്തിയുടെ പേമെന്റ് നടത്തിയിരിക്കുന്നത് ചുവടെ ചേർത്ത പ്രകാരമാണ്.

ആകെ പ്രവൃത്തി മൂല്യം- 8,44,100

(+) സർവീസ് ടാക്സ്- 88,631

(-) നികുതികൾ, ക്ഷേമനിധി- 50,646

കരാറുകാരന് നൽകിയ തുക- 8,82,085

സർവീസ് ടാക്സ് ഇനത്തിൽ കണക്കാക്കിയ 88,631 രൂപ കൂടി കരാറുകാരന് നൽകിയതായി കാണുന്നു. 05.07.2017 ലെ ജി.ഒ.(പി)നം.87/2017 ലാണ് സർവീസ് ടാക്സ് സംബന്ധിച്ച് സർക്കാർ നിർദേശങ്ങൾ നൽകിയിട്ടുള്ളത്. ഈ നിർദേശങ്ങൾ പ്രകാരം കരാറുകാർ സർവീസ് ടാക്സ് അടക്കേണ്ടതും അതിന്റെ റിട്ടേൺസും മറ്റു രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് ഈ തുക

